റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ആലപ്പുഴയിൽ വരൾച്ചയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മാത്രമല്ല, വടക്കുകിഴക്കൻ മൺസൂൺ ഇവിടെ ശരിയായി ഉണ്ടാകാത്തതിനെ തുടർന്ന് കേരളത്തിൽ മൊത്തത്തിൽ വരൾച്ച ഉണ്ടാകുമെന്ന് മീറിയോളജിക്കൽ ഡിപ്പാർട്ടുമെൻറിന് മുൻകൂട്ടി പറയാൻ കഴിഞ്ഞിരുന്നു. അതുകൊണ്ട് അടിയന്തിരമായി നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും 20-2-1986-ൽ തന്നെ ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ ജില്ലയുടെ പടിഞ്ഞാറൻഭാഗങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിന് നടപടികളും സ്വീകരിക്കുന്നതാണ്. വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ കഴിയുമോയെന്നുള്ള കാര്യം പ്രധാനമായും മഴയുടെ അളവിനെ ആശ്രയിച്ചാണിരിക്കുന്നത്. ആ കാര്യങ്ങൾ പരിശോധിക്കാം.

(29) ചാലക്കുടി താലൂക്കാശുപത്രിയുടെ ശോചനീയ സ്ഥിതി

ശ്രീ. കെ. ജെ. ജോർജ് : സർ, ചാലക്കുടി താലൂക്കാശുപത്രിയുടെ ശോചനീയ സ്ഥിതിയെ സംബന്ധിച്ചാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. അവിടെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ആരും തന്നെയില്ല. ഗൈനക്കോളജിസ്റ്റ് ഇല്ല. അതുപോലെതന്നെ, സർജറി ഡോക്ടറില്ല. മെഡീസിനിൽ ട്രെയിൻ ചെയ്ത ഡോക്ടർമാരില്ല. ഈ ഡോക്ടർമാരെ അവിടെ വയ്ക്കണം. പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള ഒരു റൂം പണിയാൻ തുടങ്ങിയത് 6 മാസം കൊണ്ട് പണി നിറുത്തിവച്ചിരിക്കുകയാണ്. യാതൊന്നും നടക്കുന്നില്ല. അവിടെ മരുന്നില്ല. വെള്ളമില്ല. ശുദ്ധജലം വിതരണം ചെയ്യാൻ സാധിക്കുന്നില്ല. ടൈറുകളും ശരിക്കു കത്തുന്നില്ല. കാരണം, അവിടെ മെയിൻറനൻസ് നടത്താനുള്ള പി. ഡബ്ലിയു.ഡി. യുടെ ലൈറ്റിംഗ് ഡിപ്പാർട്ടുമെൻറ് വർക്ക് നടത്തുന്നില്ല. അതുകൊണ്ട് അവിടെ വളരെയധികം മോശമായ സ്ഥിതിയാണുള്ളത്. മുഖ്യമന്ത്രിയുടെ പ്രത്യേക ശ്രദ്ധ അവിടേക്ക് ക്ഷണിക്കുകയാണ്. അദ്ദേഹം അവിടം സന്ദർശിച്ച് ഈ താലൂക്കാശുപത്രിയുടെ സ്ഥിതിയെന്താണെന്ന് പരിശോധിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ചാലക്കുടി ഹോസ്പിറ്റലിൽ സാങ്ഷൻ ചെയ്തിട്ടുള്ള സ്ട്രെങ്തനുസരിച്ചുള്ള മുഴുവൻ സ്റ്റാഫും ഇപ്പോഴും അവിടെ നിലവിലുണ്ട്. ബഹുമാനപ്പെട്ട മെംപർ ഇവിടെ ചൂണ്ടിക്കാണിച്ചത് കൂടുതൽ സ്റ്റാഫ് അനുവദിക്കണമെന്ന കാര്യമാണ്. അതു വേറെ പരിശോധിക്കേണ്ട കാര്യമാണ്. സാങ്ഷൻഡ് സ്ട്രെങ്തെന്നു ഞാൻ എടുത്തു പറയാൻ കാരണം, ഓരോന്നിനും ഇത്ര പോസ്റ്റ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതെയും അവിടെ കൊടുത്തിട്ടുണ്ട്. കുടിവെള്ളത്തിന് പൊതുവേയുള്ള ബുദ്ധിമുട്ട് പറഞ്ഞുവെങ്കിലും ചാലക്കുടിയിൽ വലിയ ബുദ്ധിമുട്ട് കൂടാതെ ഇപ്പോഴും മുന്നോട്ടു പോകുന്നുണ്ട്. മരുന്നിൻറെ കാര്യത്തിൽ ഞാൻ നേരത്തെതന്നെ സൂചിപ്പിച്ചു. മരുന്ന് ഡിസ്ട്രിക്റ്റ് സ്റ്റോറിൽ നിന്ന് വാങ്ങിച്ച് കഴിഞ്ഞാ പോരാതെ വരുന്നത് അത്യാവശ്യം വാങ്ങാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റ് പോരായ്മകളെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly